**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**08 February 2019**

02 Jamadi'ul Aakhir 1440 AH

# SERVICE TO MANKIND IS THE GREATEST SPIRITUAL PRACTICE

# മാനവസേവയാണ് ഏറ്റവും മഹത്വപരമായ ആത്മീയ പ്രവൃത്തി

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***മാനവസേവയാണ് ഏറ്റവും മഹത്വപരമായ ആത്മീയ പ്രവൃത്തി*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

2004 ഏപ്രിൽ 9-ാം തീയതി, ദൈവീക ദൃഷ്ടാന്താരംഭത്തിൽ അല്ലാഹുവിൽ നിന്ന് ലഭിച്ച ഒരു വെളിപാട് ശകലമാണ് താഴെകാണുന്നത്. ജമാഅത്ത് അഹ്മദിയ്യാ അൽമുസ്ലിമിന്റെ പ്രാരംഭകാലഘട്ടമായിരുന്നു അത്. ഇന്ന്, ദൈവീക ദൃഷ്ടാന്താനുസരണം, ഞാൻ ലോകമെങ്ങുമുള്ള അനുചരന്മാരെ അഭിസംബോധന ചെയ്യുന്നത് ജമാഅത്തുസ്സഹീഹിൽ അംഗങ്ങൾ എന്നാകുന്നു. അതേ അറിവിന്റെ മുത്തുകൾ കൊണ്ടു തന്നെ, അതേ മൂല്യവത്തായ ഉപദേശങ്ങൾ കൊണ്ട് തന്നെ, അതേ ദിവ്യമായ വെളിപാടുകൾ കൊണ്ടു തന്നെ!

## മാനവസേവയാണ് ഏറ്റവും മഹത്വപരമായ ആത്മീയ പ്രവൃത്തി

പുതുവർഷത്തെ സംബന്ധിച്ച്, ഇന്ന് ജനങ്ങൾ, വളരെ ആകാംഷയുള്ളവരാണ്. പുതുവർഷം സമാഗതമാകുമ്പോൾ, ന്യൂഇയർ

ആഘോഷത്തിനായി ജനങ്ങൾ വളരെയധികം ധനം ചെലവഴിക്കുന്നു.

ഒരു വർഷത്തിലെ ഒരു പ്രത്യേക ദിവസം ആഘോഷത്തിനായി തെരഞ്ഞെടുക്കുന്നത് തികച്ചും അജ്ഞതയുടെ അടയാളമാണ്. ഒരു യഥാർത്ഥ ഭക്തനെ സംബന്ധിച്ചിടത്തോളം, എല്ലാ ദിനവും ആഘോഷദിനം തന്നെയാണ്. ഒരർത്ഥത്തിൽ, എല്ലാ ദിവസവും പുതുവർഷ ദിനം തന്നെയാണ്. ആയതിനാൽ, എല്ലാ ദിവസത്തേയും നാം പരിഗണിക്കേണ്ടതാണ്. എല്ലാ മിനിട്ടുകളെയും നാം പരിഗണിക്കേണ്ടതാണ്, അത് പുതിയതാണെന്ന്, സന്തോഷപൂർവ്വം നാമത് ആഘോഷിക്കേണ്ടതാണ്.

സേവനമാണ് ഏറ്റവും സമുന്നതമായ ആത്മീയ പ്രവൃത്തി, ഈ ദൃശ്യലോകത്ത് നിലനില്ക്കുന്ന എല്ലാ വസ്തുക്കളും, താത്ക്കാലികങ്ങളും അയഥാർത്ഥങ്ങളുമാണ്. ഇത് സംബന്ധമായി മനുഷ്യൻ ഗാഢമായി ചിന്തിക്കേണ്ടതാണ്. യഥാർത്ഥമായത് എന്താണ്? എന്നെന്നും നിലനില്ക്കുന്നതെന്താണ്? എന്നാൽ മനുഷ്യൻ തന്റെ അജ്ഞതയാൽ, കഴിഞ്ഞകാലത്തെക്കുറിച്ച് ഓർത്ത് ആധിപൂണ്ടിരിക്കുകയാണ്. ഭാവിയെകുറിച്ചോർത്ത് വിഷമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ അവന്റെ സമയം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അവന്റെ വർത്തമാനകാലത്തെക്കുറിച്ച് ചിന്തിക്കാതെ, അവന്റെ സമയം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്, വർത്തമാനകാലം മാത്രമാണ് യഥാർത്ഥമായിട്ടുള്ളത്. കഴിഞ്ഞകാലം കഴിഞ്ഞുപോയതുതന്നെ. അതിനെ നിങ്ങൾക്ക് തിരികെ കൊണ്ടു വരുവാൻ കഴിയുകയില്ല. അതിനുവേണ്ടി നിങ്ങൾ എത്രതന്നെ പ്രാർത്ഥിച്ചാലും ശരി, ഭാവിയോ, സമയമാം ഗർഭപാത്രത്തിൽ മറഞ്ഞുകിടക്കുകയാണ്. അത് നമുക്ക് ദൃശ്യവത്ക്കരിക്കാവതുമല്ല. ആയതിനാൽ വർത്തമാനകാലം മാത്രമാണ് സത്യമായതും യഥാർത്ഥമായതും. കഴിഞ്ഞതിനെകുറിച്ചോർത്ത് വിഷമിക്കുന്നതിനുപകരം ഭാവിയെകുറിച്ചോർത്തു ദുഃഖിക്കുന്നതിനുപകരം, നിങ്ങൾ നിങ്ങളുടെ സഹജീവികളുടെ നന്മയ്ക്കായുള്ള പ്രവർത്തനത്തിൽ മുഴുകുക.

സേവനം അതുമാത്രമാണ് ആത്മീയ പ്രവർത്തിയിൽ ഏറ്റവും ശ്രേഷ്ഠമായത്. ആയതിനാൽ നിങ്ങൾ എപ്പോഴും നിങ്ങളുടെ സഹ ജീവികളുടെ സേവനത്തിൽ മുഴുകുക. ഇതിനേക്കാൾ വലിയ ആത്മീയ പ്രവർത്തി വേറെ ഇല്ല. ജനങ്ങൾ സേവനത്തിന്റെ മഹത്വം പൂർണ്ണമായും വിസ്മരിച്ചിരിക്കുന്നു. സേവനത്തിന്റെ ഫലങ്ങൾ മാത്രമാണ് എന്നെന്നും നിലനില്ക്കുന്നത് എന്നവർ തിരിച്ചറിയണം. ദൈവം നമുക്ക് ഈ ശരീരം തന്നിരിക്കുന്നത് മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിനുവേണ്ടിയാണ്. വെറുതെ തിന്നുന്നതിനും കുടിക്കുന്ന തിനും നമ്മുടെ വിലപ്പെട്ട സമയം ഭൗതികകാര്യങ്ങളിലേർപ്പെട്ട് പാഴാ ക്കുന്നതിനും വേണ്ടിയല്ല. ഒരു സത്യത്തെക്കുറിച്ച് നാം ബോധവാ ന്മാരാകണം. അതായത് ഏറ്റവും വിലയുള്ള നമ്മുടെ പ്രവർത്തി മറ്റു ള്ളവർക്ക് വേണ്ടിയുള്ള സേവനമാണ്. മാനവകുലത്തിന് സേവനം ചെയ്യുന്നതിനെക്കാൾ ശ്രേഷ്ഠമായ മറ്റൊരു കാര്യവുമില്ല. മഹാന്മാ രെല്ലാവരും തങ്ങളുടെ ജീവിതങ്ങളെ രക്ഷപ്പെടുത്തിയത് മറ്റുള്ളവർക്ക് സേവനം കാഴ്ചവെച്ചതിലൂടെയാണ്.

ആയതിനാൽ, നിങ്ങൾ നിരന്തരം സമുദായത്തിന്റെ സേവന ത്തിനായി വ്യാപൃതരാവുക. എല്ലാ ആത്മീയ പ്രവർത്തികളിലും വെച്ച് ഏറ്റവും ശ്രേഷ്ഠമായതും മഹത്വമേറിയതും മാനവസേവയാണ്. നിങ്ങളുടെ അഭിപ്രായമനുസരിച്ച്, സേവനം എന്നാൽ എന്താണ്? മറ്റുള്ളവരുടെ പ്രയാസങ്ങളിലും ദുഃഖങ്ങളിലും അവരെ സഹായി ക്കുന്നതാണ് സേവനം എന്നായിരിക്കും നിങ്ങൾ ചിന്തിക്കുന്നത്! അതുപോലെ നിസ്സാരമായ ഒരു കാര്യമല്ല ഇത്. മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിൽ സ്ഥിരത നേടേണ്ടതാണ്. മനുഷ്യശരീരം രൂപം കൊണ്ടിരിക്കുന്നത് അനേകം അവയവങ്ങൾ കൊണ്ടാണ്. ഓരോ അവയവും അതിന്റേതായ ജോലി ചെയ്യേണ്ടതാണ് എന്ന താണ് നിശ്ചയിച്ചിരിക്കുന്നത്. ദൗർഭാഗ്യവശാൽ, ഈ അടിസ്ഥാന തത്വം നാം വിസ്മരിച്ചിരിക്കുന്നു. ശരീരത്തിലെ ഓരോ അവയവും

ഒരു ആരാധന എന്ന നിലയിൽ പ്രവൃത്തിയിൽ വ്യാവൃതമാകേണ്ടതാണ്. മനുഷ്യജീവിതത്തെ രക്ഷപ്പെടുത്തുവാനുള്ള വഴി ആരാധന എന്ന നിലയിലുള്ള പ്രവർത്തിയിലൂടെയാണ്. നാം വലിയ പള്ളികൾ വെയ്ക്കുന്നു. വിവിധങ്ങളായ ആത്മീയ പ്രവർത്തികൾ ഏറ്റെടുക്കുന്നു. എന്നാൽ ഇവയൊക്കെ താത്ക്കാലിക തൃപ്തി മാത്രമെ പ്രദാനം ചെയ്യുകയുള്ളു. അവ അനന്തമായ തൃപ്തി പ്രദാനം ചെയ്യുകയില്ല. ആയതിനാൽ നിങ്ങൾ, ഒരു സത്യത്തിൽ, ദൃഢവിശ്വാസം വളർത്തി എടുക്കേണ്ടതാണ്. അതായത് മാനവസേവയിലൂടെ മാത്രമെ ശാശ്വതമായ സന്തോഷം കരസ്ഥമാക്കുവാൻ സാധിക്കുകയുള്ളു എന്ന സത്യത്തിൽകഷ്ടത അനുഭവിക്കുന്ന മാനവജനതയ്ക്കായി സേവനങ്ങൾ ഏറ്റെടുക്കുക. സേവനം എന്നത് ആരോഗ്യപരിപാലനത്തിൽ മാത്രം ഒതുങ്ങുന്നതല്ല. സേവനം എന്നത് മനുഷ്യസഹോദരങ്ങൾക്കായി കഴിയുന്ന എല്ലാ സഹായങ്ങളും അതിൽപ്പെടുന്നതാണ്.

മഹത്വഗുണങ്ങളായ ത്യാഗം, സ്നേഹം, സത്യം ഇവ നുകരുക. ദൈവീകതയുടെ പരമപദത്തിലെത്തിച്ചേരുവാൻ ഈ ഗുണങ്ങളിലൂടെ മാത്രമെ സാധിക്കുകയുള്ളു. നിങ്ങളുടെ മുൻപിലുള്ള ആവശ്യക്കാരനെ സ്നേഹിക്കുക. അവനോടു നിങ്ങൾ മൃദുലമായും മധുരമായും സംസാരിക്കുക. കഴിയുന്ന എല്ലാ നിലയിലും സഹായിക്കുക ഇതാണ് യഥാർത്ഥമായ ആത്മീയ പ്രവൃത്തി. ഇതിനെക്കാൾ വലിയ ആത്മീയ പ്രവർത്തി വേറെയില്ല. ഒരുവന്റെ ജീവിതത്തിലൂടനീളം ത്യാഗത്തിന് തയ്യാറാകുകയാണെങ്കിൽ അവൻ ഏറ്റവും വലിയ അനുഗ്രഹീത ആത്മാവിനുടമയായി മാറുന്നതാണ്.

ഓരോ വ്യക്തിയേയും ആദരിക്കുക, അവരോട് സ്നേഹത്തോടെ സംസാരിക്കുക. ഓരോ മനുഷ്യനും മറ്റുള്ളവർ തങ്ങളെ ബഹുമാനിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. എന്നാൽ അവൻ മറ്റുള്ളവരെ ബഹുമാനിക്കുവാൻ തയ്യാറല്ല. നിങ്ങൾ മറ്റുള്ളവരെ ബഹുമാനിക്കുന്നില്ലെങ്കിൽ എങ്ങനെയാണ് അവർ നിങ്ങളെ ബഹുമാനിക്കുമെന്ന് കരുതുന്നത്? നിങ്ങൾക്ക് മനുഷ്യ ജീവിയുടെ രൂപം നല്കി ആദരിച്ചിരിക്കുകയാണ്.

നിങ്ങൾ മനുഷ്യജീവി എന്ന നിലയിൽ ജന്മം കൊണ്ടെന്നതിനാൽ, ആദരവ് കൊടുത്ത് ആദരവ് വാങ്ങുക. ഇന്ന് നിങ്ങൾ നിങ്ങളിൽ ആർജ്ജിക്കേണ്ട ഏററവും വലിയ ഗുണം ഇതാകുന്നു.

ഗ്രാമവാസികൾ, മുൻകാല സംസ്ക്കാരങ്ങൾ ഇന്നും കാത്തുസൂക്ഷിക്കുന്നവരാണ്. എന്നാൽ പട്ടണങ്ങളിലും നഗരങ്ങളിലും ഇതിനെ കഴിയും വിധം മലിനമാക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ! അല്ലെയോ മുഹ്യിദ്ദീൻ! നിങ്ങൾ ഗ്രാമങ്ങളിലേക്ക് പോവുക. നിങ്ങളുടെ വാർഷിക സമ്മേളനങ്ങൾ അവിടെ സംഘടിപ്പിക്കുക. നിങ്ങളുടെ സമ്മേളനം അവിടെ നടത്തുക. ദീനി പ്രദർശനവും മറ്റിതര പരിപാടികളും അവിടെ സംഘടിപ്പിക്കുക. അവരിലേക്ക് നിങ്ങൾ ചെല്ലുക. ഗ്രാമവാസികളുടെ പ്രയാസങ്ങൾ എന്തെന്ന് കണ്ടെത്തുക. അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനുള്ള ശ്രമത്തിലേർപ്പെടുക. ഇന്ന് അനേകർ പട്ടണങ്ങളിലേക്കും നഗരങ്ങളിലേക്കും കുടിയേറി പാർക്കുകയാണ്. കാരണം സുഖവും ആഡംബരവും തേടിയുള്ള യാത്രയാണ്. ഈ പ്രക്രിയയിലൂടെ അവന്റെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അവസാനിപ്പിക്കുവാനുള്ള ശ്രമത്തിലാണ്. എന്നാൽ, സത്യത്തിൽ, മനുഷ്യൻ, അവൻ, കൂടുതൽ കുഴപ്പങ്ങളിലേക്ക് ചാടുകയാണ് ചെയ്യുന്നത്. സുഖവും ആഡംബരവും തേടിയുള്ള ഈ യാത്രയിൽ!

## സന്തോഷത്തിൽ നിന്നുമാത്രമെ സന്തോഷം നേടുവാൻ സാധിക്കുകയുള്ളു.

യാതനകളിലൂടെയും, വേദനകളിലൂടെയും, ത്യാഗങ്ങളിലൂടെയും മാത്രമെ സന്തോഷം നേടുവാൻ സാധിക്കുകയുള്ളു. ആയതിനാൽ നിങ്ങൾ സ്വയം സേവന പാതയിൽ ഇറങ്ങുക. ചുരുക്കത്തിൽ മാനവ സേവനത്തിനായിട്ടാണ് നിങ്ങളുടെ കൈകൾ അവൻ നിങ്ങൾക്ക് നല്കിയിരിക്കുന്നത്. നിരാശയാൽ സഹായം തേടുന്നവർക്ക് നിങ്ങൾ സേവനം ചെയ്താൽ, നിങ്ങൾ മഹത്വവൽക്കരിക്കപ്പെടും. നല്ല പ്രവർത്തനങ്ങൾ നിങ്ങൾ ഏറ്റെടുക്കുമ്പോൾ, നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ശാന്തി

കണ്ടെത്തുന്നതാണ്. ആചാരപ്രമാണപരമായ ആരാധനയിൽ ദൈവത്തിന് താത്പര്യമില്ല. സേവന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോഴാണ് അവൻ (ദൈവം) നിങ്ങളിൽ സംപ്രീതനാകുന്നത്. ആയതിനാൽ നിങ്ങൾ കൂടുതൽ കൂടുതൽ സേവനങ്ങൾ ചെയ്യുക. ദൈവം നിങ്ങളെ സ്നേഹിക്കുവാനുള്ള ഏറ്റവും നല്ല വഴി, എല്ലാവരേയും സ്നേഹിക്കുക. എല്ലാവർക്കും സേവനം ചെയ്യുക, എല്ലാവരേയും സ്നേഹിക്കുമ്പോൾ എല്ലാവർക്കും സേവനം ചെയ്യുമ്പോൾ ദൈവം നിങ്ങളെ സ്നേഹിക്കും. ഈ രണ്ടു തത്വങ്ങളുടെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കുമെങ്കിൽ, ഇതനുസരിച്ച് പ്രവർത്തിക്കുമെങ്കിൽ, ഇതിനേക്കാൾ വലിയ ആത്മീയ പ്രവർത്തി നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയുകയില്ല.

സേവനം ചെയ്യുന്നതിന് നിങ്ങളൊരു ധനവും ചെലവഴിക്കേണ്ടതില്ല. നിങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുക. എന്നിട്ട് നിങ്ങൾ സ്നേഹ സേവനം ഏറ്റെടുക്കുക. സാമ്പത്തിക ത്യാഗത്തിന് വളരെയധികം പ്രയാസങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അനേകം അംഗങ്ങൾ അനുഭവിക്കുന്നുണ്ട്. അനേകം സംഘടനകൾ അവർക്ക് ലഭിക്കുന്ന തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നു. എന്നിട്ട് അതിൽ നിന്ന് ലഭിക്കുന്ന പലിശകൊണ്ട് സേവന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നുണ്ട്. പണത്തിന്, ഉന്നതമൂല്യങ്ങൾ വളർത്തുന്നതിന് സഹായിക്കുവാൻ കഴിയില്ല. ത്യാഗത്തിനു മാത്രമെ ഉന്നതമൂല്യങ്ങളെ വളർത്തുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടാണ് അമരത്വം നേടുവാൻ ത്യാഗത്തിനു മാത്രമെ സാധിക്കുകയുള്ളു എന്ന് പറയപ്പെടുന്നത്. ഇന്ന് മനുഷ്യർ ഇന്ദ്രീയ സുഖങ്ങൾ തേടി പോകുന്നവരാണ്. ഇന്ദ്രിയ സുഖങ്ങൾ മനുഷ്യനെ രോഗങ്ങളിലേക്കാണ് നയിക്കുന്നത്. ദൈവസ്മരണയിലേക്കല്ല! കാര്യം ഇങ്ങനെ ആയിരിക്കെ നിങ്ങൾ ദൈവസ്മരണ നേടുവാൻ ത്യാഗത്തിലൂടെ പരിശ്രമിക്കുക. അതിലൂടെ മാത്രമെ നിങ്ങൾക്ക് ശാശ്വത സമാധാനം നേടുവാൻ സാധിക്കുകയു

ള്ളു. ദൈവം എല്ലാ ജീവികളുടെയും ഉള്ളിൽ വസിക്കുന്നവനാകുന്നു.

ദൈവചിന്തയിലൂടെ നിങ്ങൾക്ക് ഒരു പരിധിവരെ മാനസികോല്ലാസം ലഭിക്കുന്നതാണ്. ഈ സൗഭാഗ്യം നിങ്ങൾക്ക് അനുഭവിച്ചറിയുവാൻ കഴിയുന്നത്. എല്ലാ ജീവികളൂടെയും ഉള്ളിൽ അവനുണ്ട് എന്ന് തിരിച്ചറിവിലൂടെ മാത്രമാണ്. മുഴു പ്രവഞ്ചത്തിലും ദൈവം വ്യാപിച്ചിരിക്കുകയാണ്. ദൈവം ഏതെങ്കിലും ക്ഷേത്രത്തിലോ പള്ളിയിലോ പരിമിതപ്പെട്ടവനല്ല. ശരീരം ഒരു ക്ഷേത്രമാണ്, അഥവാ പള്ളിയാണ്. അതിലെ അന്തേവാസി ദൈവമാകുന്നു. ദൈവത്തിന്റെ യഥാർത്ഥമായ ക്ഷേത്രം ശരീരം തന്നെയാകുന്നു. നമ്മുടെ ഹൃദയമാകുന്ന അൾത്താരയിൽ അവനെ പ്രതിഷ്ഠിക്കേണ്ടതാണ്. ഹൃദയം നിറയെ ദയാവായ്പായിരിക്കണം. ഹൃദയം അനുകമ്പാ പൂരിതമായിരിക്കണം. ആയതിനാൽ അനുകമ്പയാൽ ഹൃദയം കൂടുതൽ കൂടുതൽ നിറയ്ക്കപ്പെടണം. അനുകമ്പാ പൂർണ്ണമായ ഹൃദയത്തോടെ ഏറ്റെടുക്കുന്ന സേവനങ്ങളായിരിക്കും മൂല്യവത്തായി തീരുന്നത്. ഓരോ മനുഷ്യശരീരവും ദൈവവാസ കേന്ദ്രമായി കാണണം. ദൈവം എല്ലായിടത്തും സന്നിഹിതനാകുന്നു.

ഇത്തരം ഒരു ശരീരത്തെ ആശ്രയിക്കുന്നതിലൂടെ നിങ്ങൾക്ക് എന്ത് നേടുവാൻ കഴിയും? ഇതിലൂടെ നിങ്ങൾ കുന്നുകൂട്ടുന്നത് പാപങ്ങൾ മാത്രമായിരിക്കും. ആയതിനാൽ ഈ ശരീരത്തെ നിങ്ങൾ നിലനിർത്തേണ്ടത് മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിനുള്ള ലക്ഷ്യത്തിനുവേണ്ടി ആയിരിക്കണം. ഈ സത്യത്തിൽ നിങ്ങൾ ഉറച്ച വിശ്വാസം വളർത്തി എടുക്കുക. ഈ ശരീരത്തിൽ നിന്ന് നിങ്ങൾക്ക് എന്തു സന്തോഷം ലഭിക്കുവാനാണ്? സത്യം പറഞ്ഞാൽ, ഒന്നുമില്ല! ഈ മനുഷ്യ ശരീരം കൊണ്ട് നിങ്ങൾ എന്തു തന്നെ സന്തോഷങ്ങൾ നേടിയാലും, അവയെല്ലാം നിങ്ങൾ ഉപേക്ഷിക്കേണ്ടി വരുന്നതാണ്. മാത്രമല്ല പ്രസ്തുത ശരീരം പോലും ഉപേക്ഷിക്കേണ്ടതാണ്. ഏതെങ്കിലും ഒരു ദിനത്തിൽ ഞൊടിഇടയിൽ! ഈ നൈമിഷിക സുഖഭോഗ

ങ്ങൾക്കായി ഇത്രയും ക്ലേശങ്ങളും പരീക്ഷണങ്ങളും അനുഭവിക്കേണ്ടുതുണ്ടോ? ഓരോ മനുഷ്യനിലുമുള്ള ആത്മാവിനെ നിങ്ങൾ ആദരിക്കുക അതാണ് യഥാർത്ഥ മാനവസേവ! മനുഷ്യാകൃതി പൂണ്ട ദൈവസേവനത്തിനായി നിങ്ങളുടെ ശരീരത്തെ സമർപ്പിക്കുക. അപ്പോൾ നിങ്ങളുടെ ജീവിതത്തിലെ ഓരോ ദിനവും, ആഘോഷാവസരങ്ങളായി തീരുന്നതാണ്. നിങ്ങളുടെ മുഴുജീവിതവും ആഘോഷം തന്നെ ആയിരിക്കും. മറിച്ച്, വർഷത്തിൽ ഒരിക്കൽ മാത്രം ഒരു സേവനം നിങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽ, അതിന് യഥാർത്ഥ സേവനം എന്ന് പറയാവതല്ല. നിങ്ങളുടെ ശരീരം മണ്ണിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്. മനുഷ്യജീവിതം അമൂല്യമാണ്! കാരണം അതിലെ അന്തേവാസി പരമബോധമാകുന്നു. നിങ്ങളുടെ ജന്മനായുള്ള ദൈവീകതയെ നിങ്ങൾ തിരിച്ചറിയുക.

ഓ! മുഹ്യിദ്ദീൻ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളോട് പറയുക. അവരുടെ സന്താനങ്ങൾക്ക് സൗശീല്യാദിഗുണങ്ങൾ പഠിപ്പിക്കുക എന്ന്! ജീവിതത്തിൽ നല്ല സ്ഥാനം കരസ്ഥമാക്കുവാൻ അവർ യത്നിക്കട്ടെ! അങ്ങനെ അവർ അവരുടെ രക്ഷിതാക്കൾക്ക് നല്ല പേർകൊണ്ടു വരട്ടെ! പണം കൊണ്ട് നിങ്ങൾക്ക് നല്ല പേര് കൊണ്ടു വരുവാൻ സാധിക്കുകയില്ല. മികച്ച വ്യക്തിത്വത്തിലൂടെ മാത്രമെ മേന്മ നേടുവാൻ സാധിക്കുകയുള്ളു. ഒരുവൻ എത്രധനവാനായാലും ശരി, അതിൽ ഒരു കാര്യവുമില്ല. അവന്റെ വ്യക്തിത്വം നല്ലതല്ലെങ്കിൽ അവന്റെ പ്രശസ്തി തകർന്നടിയുന്നതാണ്. ഒരു ധനവാൻ വലിയ മാളികയിൽ കഴിയുന്നവനായിരിക്കാം, ജീവിതത്തിലെ സുഖാഢംബരങ്ങളൊക്കെ ആസ്വദിക്കുന്നവനുമായിരിക്കാം, എന്നാൽ ഇതൊന്നും തന്നെ അവന്റെ മനസ്സിന് സന്തോഷവും സമാധാനവും പകരുന്നതായിരിക്കില്ല. മനുഷ്യർ കൂടുതൽ കൂടുതൽ ധനം നേടുന്നതിനുള്ള ആർത്തിയിലാണ്. എന്നാൽ, അവർ നേടുന്ന ഈ ധനംകൊണ്ട് എന്ത് പ്രയോജനമാണുള്ളത്? അവരുടെ ധനമെല്ലാം പ്രയോജനരഹിതമായ വഴിയിലൂടെ ചെല

വഴിച്ചുകളയുകയാണ്. അവർ സമ്പാദിച്ച ധനം സമുദായ സേവന പ്രവർത്തനങ്ങൾക്കായി, നല്ല പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടതാണ്. നല്ല സ്വഭാവവും നല്ല പെരുമാറ്റ രീതികളും അവർ സ്വയം ആർജ്ജിക്കേണ്ടതാണ്. അപ്പോൾ മാത്രമെ അവർക്ക് ജീവിതത്തിൽ യഥാർത്ഥമായ സമാധാനം ലഭ്യമാവുകയുള്ളു. നിങ്ങൾ ധനത്തിന്റെ അടിമകളായി തീരരുത്!

ഇന്ന് എല്ലാവരും അക്ഷരാർത്ഥത്തിൽ ശാന്തിക്കായി കേഴുകയാണ്. എന്നാൽ, എവിടെയാണ് സമാധാനം? സമാധാനം നിങ്ങളുടെ ഉള്ളിലാണ്. എന്നാൽ നിങ്ങളുടെ സമാധാനവും സന്തോഷവും നിങ്ങൾ നഷ്ടപ്പെടുത്തുകയാണ്, എന്നിട്ട് നിങ്ങൾ അതു തിരയുന്നത് പുറംലോകത്താണ്, ധനത്തിലൂടെയും, ഭൗതിക നേട്ടങ്ങളിലൂടെയും. നിങ്ങളിൽ എത്രത്തോളം നല്ല ഗുണങ്ങൾ പ്രവർത്തിയിൽ കൊണ്ടു വരുമോ, അത്രത്തോളം അത് വളർന്നുവലുതാകുന്നതാണ്. ജീവിതത്തിൽ ധനമല്ല പ്രധാനമായത്, ജീവിതത്തിൽ ഏറ്റവും പ്രധാനമായത് നല്ല വ്യക്തിത്വമാകുന്നു.

നിങ്ങൾ ഉന്നത വിദ്യാഭ്യാസം നേടിയവരാണ്. നിങ്ങളുടെ വിദ്യഭ്യാസം കൂടുതൽ കൂടുതൽ ധനം നേടുന്നതിന് ഉപയോഗിക്കാവുന്നതാണ്. എന്നാൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഇതല്ല. നിങ്ങൾ ധനത്തിന്റെ അടിമയാകരുത്. നിങ്ങൾ ദൈവത്തിന്റെ അടിമയാകുക. ഏറ്റവും പ്രധാനപ്പെട്ട കാര്യം ദൈവത്തിന്റെ അടമയായിതീരുക എന്നതാണ്. പണം തീർച്ചയായും ഒരളവോളം അത്യാവശ്യവുമാണ്. എന്നാൽ നിങ്ങൾ ധനത്തിന്റെ അടിമയായാൽ, നിങ്ങൾ നിങ്ങളുടെ നാശത്തിന് വഴിയൊരുക്കുകയാണ് ചെയ്യുന്നത്. അധിക ധനം നിങ്ങളുടെ സമാധാനത്തെ കവർന്നെടുക്കുന്നതാണ്. നിങ്ങൾ ആയതിനാൽ സ്നേഹധനവും, സത്യധനവും നേടാൻ ശ്രമിക്കുക. ബാങ്കിൽ നിങ്ങൾ അധിക പണം നിക്ഷേപിച്ചാൽ, അതുകൊണ്ട് എന്ത് ലക്ഷ്യം നേടാൻ കഴിയും? നിങ്ങൾക്കത് എന്തെങ്കിലും നന്മവരുത്തുമോ? നിങ്ങൾ ഈ ലോകം വിട്ടു

പോകുമ്പോൾ നിങ്ങൾക്കൊരു പൈസപോലും അതിൽ നിന്നും എടുക്കുവാൻ കഴിയുകയില്ല.

ത്യാഗത്തിന് മാത്രമെ മനുഷ്യന് സമാധാനവും സംതൃപ്തിയും നല്കുവാൻ സാധിക്കുകയുള്ളു. ധനത്തിനും ആഡംബരത്തിനും അതിന് കഴിയില്ല. നിങ്ങൾ ഈ ലോകം വിട്ടുപോകുമ്പോൾ നിങ്ങളുടെ, എല്ലാ മറയ്ക്കപ്പെട്ട, നിധികളും നിങ്ങളുടെ പിന്നിൽ ഉപേക്ഷിച്ചു പോകുന്നതാണ്. അതുകൊണ്ട്, ധനാർത്തി കാണിക്കരുത്. പകരം നിങ്ങൾ സ്നേഹത്തിന്റെയും, ബൗദ്ധികതയുടേയും ധനം ആർജ്ജിക്കുക. ഈ നന്മകൾക്കു മാത്രമെ നിങ്ങളെ രക്ഷിക്കുവാൻ സാധിക്കുകയുള്ളു. സ്നേഹധനം കൂടുതൽ കൂടുതൽ വളർത്തിയെടുക്കുക. സ്നേഹധനവും സത്യവും നിങ്ങൾ വളർത്തിയെടുക്കുമ്പോൾ നിങ്ങളുടെ ജീവിതം രക്ഷപ്പെടുന്നതാണ്. സഹായം ആവശ്യമുള്ളവർക്കെല്ലാം സഹായം നല്കുക. ദരിദ്രരെയും സേവിക്കുക. ഇതില്ലാതെ ദൈവത്തെ സേവിക്കാം എന്ന് കരുതുന്നത് തികച്ചും മൗഢ്യമാണ്. നിങ്ങളുടെ രക്ഷയ്ക്കായി ഒടുവിൽ പരമമായി എത്തിച്ചേരുന്നതെന്താണ്? അത് ത്യാഗം മാത്രമാകുന്നു. നിങ്ങളെ അനശ്വരതയിലേക്ക് നയിക്കുന്നത് പ്രസ്തുത ത്യാഗം മാത്രമാകുന്നു.

അതിനാൽ ത്യാഗത്തിന് സദാ തയ്യാറായി നില്ക്കുക. ത്യാഗത്തിലൂടെ എല്ലാം പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. ത്യാഗബുദ്ധിയില്ലാത്ത ഒരാൾക്കും ഒരിക്കലും സമാധാനം പ്രാപിക്കുക സാധ്യമല്ല. ലോകത്തിലെ മുഴുവൻ രാജ്യങ്ങളിലെയും ജനങ്ങൾ സമാധാനത്തിനായി പ്രാർത്ഥിക്കുന്നു. സമാധാനം, സമാധാനം, സമാധാനം എന്നവർ സ്തുതിഗാനം ചൊല്ലുന്നു. എന്നാലവർ സമാധാനത്തിലെത്തിച്ചേർന്നോ?ഇല്ല! അവർ നിരാശയിലും ദുഃഖത്തിലും ആഴ്ന്നിറങ്ങുകയാണ്. സമാധാനത്തിന്റെ ഉറവിടം നിങ്ങൾക്കുള്ളിൽ തന്നെയാണ്. ആയതിനാൽ നിങ്ങൾ നിങ്ങളുടെ അന്തഃരംഗത്തേക്ക് നോക്കുക. എന്നിട്ട് നിങ്ങളിലെ ദൈവീകത കണ്ടെത്തുക. ദൈവം നിങ്ങളോടൊ

പ്പമാണ്. നിങ്ങളിലാണ്, നിങ്ങളുടെ താഴെയാണ് നിങ്ങളുടെ മുകളിലാണ്. നിങ്ങൾക്കു ചുറ്റുമാണ്. അവനെ നിങ്ങൾക്ക് എങ്ങനെ പ്രാപിക്കാം? അവനെ നിങ്ങൾ പുറത്തു തിരയുകയാണെങ്കിൽ, അവൻ നിങ്ങളിൽ തന്നെ ഉണ്ടായിരിക്കെ!?

നിങ്ങളുടെ അറിവും ധനവും നിങ്ങളുടെ സഹജീവികളുമായി പങ്കുവെയ്ക്കുക. നിങ്ങൾ ആർജിച്ച എല്ലാ ധനത്തിന്റെയും യഥാർത്ഥ ഉടമസ്ഥൻ ദൈവമാകുന്നു. നിങ്ങൾ നേടിയ ധനം ദൈവത്തിന്റെ ട്രസ്റ്റിൽപ്പെട്ടതാണ്. പ്രസ്തുത ട്രസ്റ്റിന്റെ പ്രസിഡന്റ് ദൈവം മാത്രമാകുന്നു. ദൈവത്തിൽ ഭരമേല്പിക്കുക. പണം ശരിയായ നിലയിൽ ഉപയോഗിക്കുക. പണത്തിന്റെയും ഭൗതിക സാധനസാമഗ്രികളുടെയും പുറകിൽ കാത്തുകെട്ടികിടക്കരുത്. സ്ഥിരമായി ദൃഢമായി ദൈവത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുക. നിങ്ങൾ മലകളിലെ ഗുഹകളിലും വനാന്തരങ്ങളിലും ദൈവത്തെ അന്വേഷിച്ചു പോകരുത്. അവൻ എപ്പോഴും നിങ്ങളോടൊപ്പമുണ്ട്! നിങ്ങളോടൊപ്പം സ്നേഹത്തിന്റെ പ്രതിരൂപമായി ദൈവം ഉണ്ടായിരിക്കുമ്പോൾ, ഭൗതികതയുടെ സാത്താന് നിങ്ങൾ ഇരയായി തീരുന്നതെന്തിനാണ്? ഇന്ന്, എല്ലായിടത്തും സാത്താന്റെ ഗുണങ്ങളാണ് മികച്ചു നില്ക്കുന്നത്. തെറ്റായ വഴിയിലൂടെ ധനം ആർജ്ജിക്കുന്നതിൽ ജനങ്ങൾ ഒട്ടും തന്നെ ആശങ്കാകുലരല്ല. ഈ ലോകം വിട്ടു നിങ്ങൾ പോകുമ്പോൾ നിങ്ങളോടൊപ്പമുള്ള നന്മകൾ അല്ലെങ്കിൽ തിന്മകൾ മാത്രമാണ് നിങ്ങൾക്കൊണ്ടു പോകുന്നത്! അല്ലാതെ നിങ്ങൾ സമ്പാദിച്ച ധനമല്ല. നിങ്ങൾക്ക് വേണ്ടത് നിങ്ങളുടെ വിശപ്പടങ്ങുവാനുള്ള അല്പ ഭക്ഷണം മാത്രമാണ്. വിശപ്പുള്ള ഒരുവന് നിങ്ങളുടെ ഭക്ഷണം പങ്കു വെച്ച് അവന്റെ വിശപ്പ് മാറ്റാവുന്നതാണ്. ഇതാണ് ഏറ്റവും വലിയ ആത്മീയ പ്രവൃത്തി! ഈ നിസ്സാരമായ ആത്മീയ പ്രവർത്തി ഉപേക്ഷിച്ചിട്ട്, സ്നേഹത്തിന്റെ മഹത്വപൂർണ്ണമായ ഗുണം മറന്നുകൊണ്ട്, നിങ്ങൾ സമാധാനവും

സന്തോഷവും തേടുന്നത് ഭൗതികഇച്ഛകളെ പിന്തുടർന്നുകൊണ്ടാണ്! ധനാർത്തി ഒരിക്കലും മടുപ്പ് വരുത്തുന്നതല്ല. ധനം നിങ്ങളോടൊപ്പം എന്നെന്നും നിലനില്ക്കുന്നതുമല്ല. ഇത് വരുകയും പോവുകയും ചെയ്യും!

സ്നേഹഗുണം വലുതാക്കുക! എല്ലാവരേയും സ്നേഹിക്കുക! ആരെയും വെറുക്കാതിരിക്കുക. എന്തുതന്നെ സംഭവിച്ചാലും അതു നിങ്ങളുടെ നന്മയ്ക്കായിരിക്കും എന്ന വിശ്വാസം വളർത്തിയെടുക്കുക. നിങ്ങളുടെ യാതനകൾക്കും, പ്രയാസങ്ങൾക്കും കാരണക്കാരൻ നിങ്ങൾ തന്നെ ആയിരിക്കും. മറ്റുള്ളവരെ ആദരിക്കുക അതു മാത്രമായിരിക്കും നിങ്ങളെ സംരക്ഷിക്കുന്നത്. നിങ്ങൾ ആരെയെങ്കിലും ഉപദ്രവിച്ചാൽ, അതിനുള്ള ശിക്ഷ നിങ്ങൾക്കനുഭവിക്കേണ്ടി വരും. സന്തോഷവും സന്താപവും നിങ്ങളുടെ തന്നെ സൃഷ്ടിയാണ്. നിങ്ങൾ ചെയ്യുന്ന തെറ്റുകൾ നിങ്ങളെ ഒരു നിഴൽപോലെ പിന്തുടരുന്നതാണ്. മനുഷ്യരിന്ന് മറ്റുള്ളവർക്ക് പ്രസംഗങ്ങൾ ചെയ്തു കൊടുക്കുന്നു. എന്നാൽ അവൻ പ്രസ്തുത ആശയങ്ങൾ തന്നിൽ പ്രവർത്തിക്കുന്നില്ല, പിന്തുടരുന്നുമില്ല. പ്രസ്തുത ഉപദേശത്തിന് എന്ത് വിലയാണുള്ളത്? ഇതെല്ലാം വെറും ചതിയാണ്. നിങ്ങൾ വായിക്കുന്ന, നിങ്ങൾ ശ്രദ്ധിക്കുന്ന ഈ അധ്യാപനങ്ങൾ നിങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നില്ലായെങ്കിൽ നിങ്ങൾക്കിതുകൊണ്ട് ഒരു പ്രയോജനവുമില്ല! ചെറിയ നിലയിലെങ്കിലും നിങ്ങളുടെ സഹജീവികളെ നിങ്ങൾ സഹായിക്കുക. അതു മാത്രമായിരിക്കും നിങ്ങളെ സഹായിക്കുന്നത്. നിങ്ങൾക്കുണ്ടായ പ്രയാസങ്ങൾക്ക് നിങ്ങൾ മറ്റുള്ളവരെ പഴിക്കരുത്. ആരെയും വിമർശിക്കരുത്! എല്ലാവരെയും സ്നേഹിക്കുക. എല്ലാ ജനങ്ങളെയും നിങ്ങളുടെ സഹോദരീ സഹോദരന്മാരായി കാണുക. മാനവിക സാഹോദര്യം വികസിപ്പിക്കുക, വളർത്തിയെടുക്കുക. തുല്യമാനസിക നിലയിലുള്ള പാതയിലേക്ക്, നിങ്ങളെ, ഇതു നയിക്കുന്നതാണ്. ഈ സ്നേഹഗുണം നിങ്ങൾ പരിപോഷിപ്പിക്കുന്നതിലൂടെ നിങ്ങളുടെ മാന്യതയും പദവിയും

ഉയരുന്നതാണ്. സ്നേഹത്തിനു മാത്രമെ നിങ്ങളെ സംരക്ഷിക്കുവാൻ കഴിയുകയുള്ളു. നാവുകൾ നിങ്ങൾക്ക് തന്നിരിക്കുന്നത് ദൈവകീർത്തനത്തിനു തന്നെയാണ്. മറ്റുള്ളവരെ വിമർശിക്കുവാനല്ല. ഇത്രയും വലിയ ഒരു ധനം നിങ്ങളോടൊപ്പം ഉണ്ടായിരിക്കെ നിങ്ങൾ എന്തിനാണ് യാതന അനുഭവിക്കുന്നത്? നിങ്ങളുടെ വിദ്യഭ്യാസവും അറിവും മൂലം നിങ്ങൾ ഏറ്റെടുക്കുന്ന എല്ലാ ജോലികളും ദൈവത്തിന്റെ ജോലിയായി കരുതുക. ദൈവത്തിനു വേണ്ടി ചെയ്യുന്ന സേവനമായി കരുതുക. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും എനിക്കായി (ദൈവത്തിനായി) മാത്രം അർപ്പിക്കുക. എന്നിൽ മാത്രം നിങ്ങൾ അഭയം തേടുകയും ചെയ്യുക. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും ദൈവത്തിനു മാത്രമായി അർപ്പിക്കുക. അങ്ങനെ ആയാൽ നിങ്ങൾ ശാന്തിവരിക്കും (ഇൻശാ അല്ലാഹ്)

അല്ലാഹു(ത) നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ! ഈ ജൂം ആ ദിനം അവൻ നമുക്ക് അനുഗ്രഹ പ്രദമാക്കി തീർക്കട്ടെ! നിങ്ങൾ ഓരോരുത്തരുടെ മേലും അല്ലാഹു(ത) യുടെ അനുഗ്രഹങ്ങൾ ഇറങ്ങട്ടെ! ആരാധനയുടെ ഫലങ്ങൾ നുകരുവാൻ അവൻ ഇടയാക്കട്ടെ! അല്ലാഹുവിലുള്ള നിങ്ങളുടെ വിശ്വാസം രൂഢമൂലമായിരിക്കട്ടെ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെയും മറ്റെല്ലാ മനുഷ്യസഹോദരീ സഹോദരന്മാരുടെയും മേലുള്ള സ്നേഹം യഥാവിധി പരിപാലിക്കുവാൻ അവൻ നിങ്ങളെ സഹായിക്കട്ടെ! ഇൻശാ അല്ലാഹ്! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*